കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2000 ഡിസംബർ 20, ബുധൻ

വാല്യം 112] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 2000 ഡിസംബർ മാസം 20-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം 61

സ്വകാര്യവ്യക്തികൾ കൈയടക്കിവച്ചിട്ടുള്ള വനഭൂമി

1 (*61) ശ്രീ. പി. വിശ്വൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യവ്യക്തികൾ കൈയടക്കി വച്ചിട്ടുള്ള വനഭൂമി സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഹെക്ടർ വനഭൂമിയാണ് ഇപ്രകാരം സ്വകാര്യ വ്യക്തികൾ കൈവശം വച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സ്വകാര്യവ്യക്തികൾ കൈവശം വച്ചുകൊണ്ടിരിക്കുന്ന വനഭൂമി തിരിച്ചെടുക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് സ്വകാര്യവ്യക്തികൾ കൈവശം വച്ചുകൊണ്ടിരിക്കുന്ന വനഭൂമി തിരിച്ചെടുക്കാൻ നിയമനിർമ്മാണം ആവശ്യമെന്നു സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(ഇ) സ്വകാര്യവ്യക്തികൾ കൈവശം വച്ചുകൊണ്ടിരിക്കുന്ന വനപ്രദേശങ്ങൾ കണ്ടെത്താൻ അഡ്വൈസറി കമ്മിറ്റിയെ നിയോഗിച്ചുവോ; എങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) നിത്യഹരിതവനങ്ങളും നിബിഡവനങ്ങളുമാണ്, കൃഷിഭൂമിയെന്ന വ്യാജേന, സ്വകാര്യവ്യക്തികൾ കൈവശം വച്ചിരിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടുവോ;

(ജി) എങ്കിൽ നിയമനിർമ്മാണത്തിലൂടെ പ്രസ്തുത ഭൂമി തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ,

(എ)&(ബി) റവന്യൂ-വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സംയുക്തപരിശോധനയിൽ 10621 ഹെക്ടർ വനഭൂമി അനധികൃത കയ്യേറ്റത്തിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി)&(ഡി) 1961-ലെ കേരള വനംനിയമത്തിലെ വ്യവസ്ഥകളനുസരിച്ച് അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നിയമം ഇപ്പോൾത്തന്നെ നിലവിലുണ്ട്. കൂടാതെ 2.6.2000-ൽ നിലവിൽ വന്ന 8/2000 വനം ഓർഡിനൻസ് പ്രകാരം, സ്വകാര്യവ്യക്തികളുടെ കൈവശമുള്ളതും പാരിസ്ഥിതിക ശാസ്ത്രപരമായി ദുർബലമായതും ജൈവപ്രാധാന്യമുള്ളതുമായ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി ഓർഡിനൻസ് പ്രകാരം ഇതുവരെ ഉദ്ദേശം 9400 ഹെക്ടർ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഈ ഓർഡിനൻസ് നിയമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

(ഇ) നിയോഗിച്ചു. ടി കമ്മിറ്റിയുടെ ആദ്യയോഗം 14.12.2000-ൽ കൂടി. തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

(എഫ്) ഇത്തരം ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) സ്വീകരിച്ചുവരികയാണ്.

ശ്രീ. പി. വിശ്വൻ : സർ, സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന വനഭൂമി തിരിച്ചെടുക്കുന്നതിന് നിയമം പ്രാബല്യത്തിൽ വരുമ്പോൾ നിലവിലുള്ള വനഭൂമി സംബന്ധമായ കേസ്സുകൾ എങ്ങനെ കൈകാര്യം ചെയ്യാനാണ് സർക്കാരുദ്ദേശിക്കുന്നത്; നിർദ്ദിഷ്ട നിയമം നടപ്പിലാക്കാൻ കേന്ദ്രസർക്കാരിന്റെ സഹായം ആവശ്യമുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം പറയുമോ?

ശ്രീ. സി.കെ. നാണു : സർ, കയ്യേറുന്ന വനഭൂമി പിടിച്ചെടുക്കാൻ നിലവിൽ നിയമമുണ്ട്. പക്ഷേ പല ഘട്ടങ്ങളിലായി വനഭൂമി കൈവശപ്പെടുത്തുന്നതിനെ തടയാനും അതുപോലെ വനഭൂമി നശിപ്പിക്കുന്നതിനെതിരായും ഇൻഡ്യയിൽ മാത്രമല്ല, മൊത്തം ലോകത്തിൽ വന്ന പുതിയ നിബന്ധനയിൽ, വനവുമായി ബന്ധപ്പെട്ട ജൈവവൈവിദ്ധ്യമാർന്ന പ്രദേശങ്ങൾ സംരക്ഷിക്കേണ്ടത് വളരെ നിർബന്ധമാണെന്ന നിലയിൽ വനനിയമത്തിൽത്തന്നെ പല മാറ്റങ്ങളുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വനസംരക്ഷണം കർശനമാക്കാൻ ആവശ്യമായ പുതിയ നിയമനടപടികൾ സ്വീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. പി. വിശ്വൻ : സർ, നിയമസഭയുടെ അഷ്വറൻസ് കമ്മിറ്റി വളരെ സമയമെടുത്ത് ശാസ്ത്രീയമായി പഠിച്ച് ഒരു റിപ്പോർട്ട് സർക്കാരിനു കൊടുത്തിട്ടുണ്ട്. അതിൽ വന്ന ഒരു വിഷയം - വനഭൂമി സ്വകാര്യവ്യക്തികൾ കൈവശം വച്ചിരിക്കുന്നതോടൊപ്പം തമിഴ്നാട്, കർണ്ണാടകം, പോലെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റുകൾ ട്രെസ്പാസ് ചെയ്തിട്ടുമുണ്ട്; അത്തരത്തിലുള്ള ഭൂമി തിരിച്ചെടുക്കാനും പുതിയൊരു സർവേ നടത്തി അതിർത്തി പുനർനിർണ്ണയം ചെയ്യാനും- സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ശ്രീ. സി.കെ. നാണു : സർ, സംസ്ഥാനത്തെ വനഭൂമി റവന്യൂ ഡിപ്പാർട്ടുമെന്റും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും സംയുക്തമായി സർവേ ചെയ്തതാണ്. ഇനി കുറച്ചു ബാക്കിയുണ്ട്. കേരളത്തിലെ വനഭൂമി സംരക്ഷിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കേണ്ടതുണ്ടോ അതെല്ലാം വനംവകുപ്പ് സ്വീകരിക്കുന്നതാണ്.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : സർ, സ്വകാര്യവ്യക്തികൾക്കു പാട്ടത്തിനു നൽകിയിട്ടുള്ള വനഭൂമി കാലാവധി കഴിഞ്ഞിട്ടും തിരിച്ചെടുക്കാത്തത് അവരുടെ കൈവശത്തിൽത്തന്നെ തുടരുന്ന അവസ്ഥയുണ്ട്. അങ്ങനെയുള്ളവ ഉടനെ തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി.കെ. നാണു : സർ, ചില ഘട്ടങ്ങളിൽ പല കാരണങ്ങളാലും സ്വകാര്യവ്യക്തികൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും ഒക്കെ വനഭൂമി പാട്ടത്തിനു നൽകിയിട്ടുണ്ട്. ചിലതിന്റെ കാലാവധി അവസാനിച്ച അവസരത്തിൽ നീട്ടിക്കൊടുത്തിട്ടുണ്ട്. അത്തരത്തിലുള്ളവ പുനഃപരിശോധിച്ച് വനഭൂമിയിൽപ്പെടുത്താനും നിർബ്ബന്ധമായി ആവശ്യമുള്ളവ വനത്തിന്റെ ഭാഗമാക്കാനും നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : സർ, പാട്ടത്തിനു കൊടുത്ത വനഭൂമിയുടെ പാട്ടത്തുക അടയ്ക്കാതെ കുടിശ്ശിക വരുത്തിയ കേസ്സുകളുണ്ടോ, ഉണ്ടെങ്കിൽ കുടിശ്ശിക എത്രയുണ്ട്; അതു പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി.കെ. നാണു : സർ, പാട്ടത്തുക വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് സംസ്ഥാന ഗവണ്മെന്റ് എടുത്ത തീരുമാനം അംഗീകരിപ്പിച്ചുകിട്ടാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരികയാണ്. കാരണം, വളരെ വർഷങ്ങൾക്കു മുമ്പ് നിശ്ചയിച്ച പാട്ടത്തുക വർദ്ധിപ്പിക്കേണ്ടതാണെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റു നിലവാരത്തിൽത്തന്നെ ഒരു തീരുമാനമെടുത്തതാണ്. അതിന് അംഗീകാരം ലഭിക്കാൻവേണ്ടി ശ്രമിക്കുകയാണ്. ചിലതിൽ പാട്ടബാക്കിയുള്ളതു തിരിച്ചു ലഭിക്കാനാവശ്യമായ നടപടികളും സ്വീകരിച്ചുവരികയാണ്.

ശ്രീ. രാജു എബ്രഹാം : സർ, സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന വനഭൂമി തിരിച്ചെടുക്കാൻ നിയമനിർമ്മാണം നടത്തുമ്പോൾ ചെറുകിട കൃഷിക്കാരെ ദോഷകരമായി ബാധിക്കാതിരിക്കാനും അവരുടെ ഭൂമി നഷ്ടപ്പെടാതിരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. .സി.കെ. നാണു : സർ, വളരെ ചെറിയ തോതിൽ ഭൂമി കൈവശം വച്ചിട്ടുള്ള പാവപ്പെട്ട കൃഷിക്കാർക്ക് ദ്രോഹകരമല്ലാതെ പുതിയ ഓർഡിനൻസ് നടപ്പാക്കുകയാണ്. കർഷകരുടെ കൃഷിഭൂമി ഏറ്റെടുക്കുക എന്ന സമീപനം വനം വകുപ്പിനില്ല. അതുകൊണ്ട് വനംവകുപ്പിന്റെ പഴയതും പുതിയതുമായ എല്ലാ നിയമവും, കൃഷി ചെയ്യുന്ന കൃഷിക്കാരന്റെ ഭൂമിയെടുക്കുക എന്ന ഉദ്ദേശത്തോടല്ലാതെയാണ് നടപ്പാക്കിയത്.

ശ്രീ. രാജു എബ്രഹാം : സർ, സ്വകാര്യവ്യക്തികൾ കയ്യടക്കിവച്ചിരിക്കുന്ന വനഭൂമി നഷ്ടപ്പെടാതിരിക്കുന്നതിന് ഇതു സംബന്ധിച്ച എത്ര കേസുകൾ നിലവിലുണ്ടെന്നു കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്നു വെളി

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുത്തുമോ; അതു സംബന്ധിച്ച ഹൈക്കോടതിയിൽ നടക്കുന്ന കേസ്സുക ളിൽ വനം വകുപ്പ് സ്ഥിരമായി പരാജയപ്പെടുന്ന സ്ഥിതിയാണ് കാണുന്നത്. ഇതേക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എതെങ്കിലും വക്കീലന്മാരെ മാറ്റാൻ ആലോചിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. സി.കെ. നാണു : സർ, വനം വകുപ്പിന്റെ കേസ്സുകൾ കുറേക്കൂടി നല്ലനിലയിൽ നടത്താൻ കൂടുതൽ അഭിഭാഷകരെ ചുമതലപ്പെടുത്താനുള്ള തീരുമാനമുണ്ട്. കഴിഞ്ഞ ഒന്നുരണ്ടു കൊല്ലത്തിനിടയ്ക്ക് വനംവകുപ്പ് ആർക്കും ഭൂമി തിരിച്ചുകൊടുത്തിട്ടില്ല. നാലഞ്ചു കോടതിയലക്ഷ്യക്കേസുകൾ വന്നു. അവയിൽ വനംവകുപ്പ് പരാജയപ്പെട്ടു. ഏതെല്ലാം കോടതികളെ സമീ പിക്കാമോ അങ്ങനെ സമീപിച്ചതിന്റെ അവസാനം കോടതിയലക്ഷ്യം വന്നതു കൊണ്ടാണ് നാലഞ്ചു കേസുകളുമായി ബന്ധപ്പെട്ട് ഭൂമി കൊടുക്കേണ്ടി വന്നത്. അല്ലാതെ വനംവകുപ്പിന്റെ ഭാഗത്തു നിന്ന് സ്വന്തമായി വനഭൂമി കൊടുക്കാനുള്ള സാഹചര്യം ഉണ്ടാക്കിയിട്ടില്ല. 1066 കേസുകളിലായി 13268 ഏക്കർ സ്ഥലം നമ്മൾ വിട്ടുകൊടുക്കേണ്ടതാണ്. അത് ഏതെല്ലാം തരത്തിൽ വനത്തിന്റെ ഭാഗമാക്കാൻ സാധിക്കുമോ അത്തരത്തിലുള്ള നടപടികൾ നടത്തിവരികയാണ്.

ശ്രീ. എം.പി. വർഗ്ഗീസ് : വനസംരക്ഷണ നിയമം നടപ്പിലാക്കിയപ്പോൾ അതിന് ജുഡീഷ്യൽ അധികാരമുള്ള ഒരു ട്രൈബൂണലിനെ നിശ്ചയിക്കാൻ ഇടയുണ്ടെന്നുള്ള തരത്തിൽ ഒരു സംസാരം ഉണ്ടായിരുന്നതാണ്. അത്തര ത്തിൽ ജുഡീഷ്യൽ അധികാരമുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം എന്താണെന്നു വ്യക്തമാക്കാൻ കഴിയുമോ?

ശ്രീ. സി.കെ. നാണു : ജുഡീഷ്യൽ അധികാരമുള്ള ഒരു കമ്മിറ്റിയെ നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത് ഓർഡിനൻസ് പ്രകാരം തന്നെ ആവ ശ്യമായിട്ടുള്ളതാണ്. ധനകാര്യ വകുപ്പിൽ നിന്ന് അതിനുള്ള അംഗീകാരം ലഭിച്ചു കഴിഞ്ഞു. അടുത്ത ദിവസം തന്നെ അതിനുള്ള നടപടികളുണ്ടാകും.

ശ്രീ. എം.പി. വർഗ്ഗീസ് : ടാറ്റാ ടീ കമ്പനി പോലെയുള്ള വൻകിട വ്യവ സായങ്ങൾക്കുവേണ്ടി ഭൂമി വിട്ടുകൊടുക്കുന്നതു സംബന്ധിച്ച് ഒട്ടേറെ വിവാദ ങ്ങൾ സംസ്ഥാനത്ത് നടന്നുവരുന്നുണ്ട്. അതിനെ സംബന്ധിച്ച് ഇപ്പോൾ കൈക്കൊണ്ടിട്ടുള്ള നിലപാടെന്താണ്? എന്തു നടപടികളാണ് സ്വീകരിച്ചിട്ടു ള്ളത് എന്നു വ്യക്തമാക്കുമോ?

ശ്രീ. സി.കെ. നാണു : വനം വകുപ്പുമായി ബന്ധപ്പെട്ട് ഇത്തരം പ്രശ്ന ങ്ങളുള്ളതായി എനിക്കു തോന്നുന്നില്ല.

ശ്രീ. വി.കെ. ചന്ദ്രൻ : സ്വകാര്യവ്യക്തികളുടെ കൈവശത്തിലുള്ള ഒട്ട നവധി ഭൂമി അവരുടെ തന്നെ ഭൂമിയാണെങ്കിൽപ്പോലും വനമേഖലയുമായി ബന്ധപ്പെട്ടതായതുകൊണ്ട് അവരുടെ ഭൂമിയായി ഉപയോഗിക്കാനോ അവ രുടെ കൈവശം വയ്ക്കാനോ കഴിയുന്നില്ല. ഇതിനുവേണ്ടി പട്ടയത്തിന് അപേ ക്ഷിക്കുമ്പോൾ വനംവകുപ്പ് തടസ്സവാദങ്ങളുണ്ടാക്കി ആ ഭൂമി അവരുടെ തല്ലാതാക്കി മാറ്റുന്ന ഒരു സമീപനം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി.കെ. നാണു : വനം എന്നുള്ള നിലയിൽ സംരക്ഷിക്കപ്പെടേണ്ട ചില പ്രദേശങ്ങളുണ്ട്. അത് കൃഷിസ്ഥലങ്ങളല്ല, നേരേമറിച്ച് വനത്തിൽ ഉൾപ്പെടുന്ന സ്ഥലങ്ങളാണെങ്കിൽ അവയെ സംരക്ഷിക്കേണ്ട ബാദ്ധ്യത സംസ്ഥാന ഗവണ്മെന്റിനുണ്ട്. അതിന്റെ ഭാഗമായി ചില അവസരങ്ങളിൽ പാവ

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട ആളുൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നുണ്ടെങ്കിൽ അത് പ്രായോഗികമായി പരി ശോധിക്കുന്നതണ്. കൃഷിക്കാരെ ഒരു കാരണവശാലും ബുദ്ധിമുട്ടിക്കില്ല. അതേയവസരത്തിൽ വനത്തിന്റെ ഭാഗമായിരുന്ന പ്രദേശം വനം ആക്കാതെ നിർവ്വാഹമില്ല.

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> : പാലക്കാട് ജില്ലയിൽ അട്ടപ്പാടി മേഖലയിൽ ആദിവാസികൾക്ക് കൈമാറ്റം ചെയ്ത ഭൂമി റവന്യൂ വകുപ്പിന്റെ ഭൂമിയാണ്. ഇത് വനം വകുപ്പിന്റെ ഭൂമിയാണെന്നു പറഞ്ഞുകൊണ്ട് വലിയ വാർത്തയും മറ്റുകാര്യങ്ങളുമൊക്കെ വരുകയുണ്ടായി. ഇത്തരം കാര്യങ്ങൾ വരുമ്പോൾ പാവപ്പെട്ട കർഷകർക്ക് അനുവദിച്ചു കൊടുക്കുന്ന ഭൂമിയിലാണ് ഇത്തരം തർക്കവാദങ്ങൾ ഉന്നയിച്ചുവരുന്നത്. ഇത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി രണ്ടു ഡിപ്പാർട്ടുമെന്റുകളും ചേർന്ന് ജോയിന്റ് വെരിഫിക്കേഷൻ നടത്തി ആവശ്യമായ അതിർത്തി നിർണ്ണയിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. സി.കെ. നാണു</u> : വനവുമായി ബന്ധപ്പെട്ടു വരുന്ന അവസര ത്തിൽ ആദിവാസികളുടെ പ്രശ്നത്തിൽ എത്രമാത്രം ഉദാരമായ സമീപനം സ്വീകരിക്കാൻ സാധിക്കുമോ ആ സമീപനം വനം വകുപ്പ് സ്വീകരിക്കുന്ന താണ്. ഇവിടെ ബഹു. അംഗം പറഞ്ഞ പ്രശ്നത്തിൽ പത്രവാർത്തകൾക്ക് അടിസ്ഥാനമായ രൂപത്തിൽ സംഭവം ഉണ്ടായപ്പോൾ ബഹു. റവന്യൂ വകുപ്പുമ ന്ത്രിയും ഞാനും ബന്ധപ്പെട്ട മറ്റുദ്യോഗസ്ഥന്മാരും യോഗം ചേർന്ന് ചർച്ച ചെയ്ത് വളരെ വേഗം അതിന് പരിഹാരം ഉണ്ടാക്കാനുള്ള തീരുമാനമെടുത്തി ട്ടുണ്ട്.

<u>മി. സ്പീക്കർ</u> : നല്ല ചോദ്യങ്ങളും നല്ല ഉത്തരങ്ങളുമാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : കേരള ഗവണ്മെന്റ് ഈയിടെ പുറപ്പെടുവിച്ച ഫോറസ്റ്റ് ഓർഡിനൻസിൽ നാചുറൽ വെജിറ്റേഷൻ ഏരിയ മുഴുവൻ തിരിച്ചെ ടുക്കാനുള്ള വ്യവസ്ഥയുണ്ട്. സംസ്ഥാനത്ത് വളരെ വർഷങ്ങളായി -നാൽപ്പതും അൻപതും അറുപതും വർഷങ്ങളായിട്ട് - ജന്മിയിൽ നിന്നും ഭൂമി വാങ്ങിയ രേഖയോടു കൂടി കൃഷിചെയ്തു വരുന്ന ധാരാളം കുടിയേറ്റക്കർഷക രുണ്ട്. അതുപോലെ തന്നെ അവർക്ക് ഇതുപോലെയുള്ള ധാരാളം ചായത്തോ ട്ടങ്ങളും റബ്ബർത്തോട്ടങ്ങളും തെങ്ങുകളും അടയ്ക്കാമരങ്ങളും എല്ലാമുണ്ട്. ഇതെല്ലാം ഒഴിയാൻ വേണ്ടി ഐഡന്റിഫൈ ചെയ്തുകൊണ്ടുള്ള നോട്ടിഫി ക്കേഷൻ ഇറക്കിക്കഴിഞ്ഞു. ഇതുമൂലം പൊന്മുടിയിൽ ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലില്ലാതാകുന്നു. അതേയവസരത്തൽ ഗവണ്മെന്റ്, വനഭൂമി കൈയേറി കൈവശം വച്ചുവരുന്ന ആളുകൾക്ക് പട്ടയം നൽകുന്നു. ഇങ്ങനെ പട്ടയം നൽകുന്ന സ്ഥലങ്ങൾ നാചുറൽ വെജിറ്റേഷൻ ഏരിയയാണ്. ഇങ്ങനെ പട്ടയം ലഭിച്ചിരിക്കുന്ന ആളുകളെ ഈ ഓർഡിനൻസ് അനുസരിച്ച് ഒഴിപ്പിക്കുമോ? അതേയവസരത്തിൽ പാവപ്പെട്ട കൃഷിക്കാർ വർഷങ്ങളായി കൈവശം വച്ചുവരുന്ന ഭൂമി നോട്ടിഫൈ ചെയ്ത ഏരിയകളിൽ നിന്ന് ഒഴിവാ ക്കപ്പെടുമോ; എന്താണ് ഇക്കാര്യത്തിൽ ഈ സർക്കാരിന്റെ നയമെന്നു വ്യക്ത മാക്കുമോ?

<u>ശ്രീ. സി.കെ. നാണു</u> : ഞാൻ ആവർത്തിച്ചു പറഞ്ഞതാണ്. വന ത്തിൽപ്പെടുത്താൻ പറ്റുന്ന സ്ഥലങ്ങൾ മാത്രമേ ഈ ഓർഡിനൻസിന്റെ അടി സ്ഥാത്തിൽ എടുക്കുകയുള്ളൂ. ബഹു. അംഗം പൊന്മുടിയിൽ ആയിരക്കണക്കി നാളുകൾക്ക് തൊഴിൽ നഷ്ടപ്പെടുന്നു എന്നു പറഞ്ഞു. അങ്ങനെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്ന ഒരു നടപടിയും വനംവകുപ്പ് സ്വീകരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നില്ല. അതേയവസരം അവിടെ നിബിഡവനങ്ങളുണ്ട്. എസ്റ്റേറ്റിന്റെ ആവശ്യത്തിനുവേണ്ടി കാലാകാലങ്ങളായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന നിബിഡവനങ്ങളുണ്ട്. എസ്റ്റേറ്റിന്റെ ഉടമസ്ഥർ പോലും അത് ഉപയോഗിക്കുന്നില്ല. അത്തരം സ്ഥലങ്ങൾ വനത്തിന്റെ ഭാഗമായിരിക്കേണ്ടതാണ്. അതുപോലെ തന്നെ കുടിയേറ്റക്കൃഷിക്കാർ കൃഷിചെയ്തുവരുന്ന സ്ഥലങ്ങളെ സംബന്ധിച്ച് പല ഘട്ടങ്ങളിലായി ചർച്ചകൾ നടന്നതിന്റെ അടിസ്ഥാനത്തിൽ അവർക്ക് പട്ടയം കൊടുത്തതാണ്. ജോയിന്റ് വെരിഫിക്കേഷൻ നടത്തി പട്ടയം കൊടുക്കേണ്ടതാണെന്നു തീരുമാനിച്ചിട്ട് ആരെങ്കിലും ഈ നോട്ടിഫിക്കേഷന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്ക് പട്ടയം കൊടുക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതാണ്. ഞാൻ ഇവിടെ വ്യക്തമാക്കാനാഗ്രഹിക്കുന്നത്, ഗവൺമെന്റിന്റെ വനനിയമങ്ങൾ വനസംരക്ഷണത്തിനു മാത്രമുള്ളതാണ്. വനത്തിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങൾ അതിന്റെ കൂടെപെടുത്തേണ്ടതാണ്. ഒരു കാരണവശാലും കുടിയേറ്റക്കർഷകരേയോ സാധാരണ കർഷകരേയോ ദ്രോഹിക്കാനുള്ളതല്ല.

<u>ശ്രീ. എ. കണാരൻ</u> : റവന്യൂ വകുപ്പിലേയും വനം വകുപ്പിലേയും ഉദ്യോഗസ്ഥന്മാരുടെ സംയുക്തപരിശോധനയിൽ 10621 ഹെക്ടർ വനഭൂമി അനധികൃതമായ കൈയേറ്റത്തിലാണെന്ന് ബഹു. മന്ത്രി ഇവിടെ പറയുകയുണ്ടായി. ഇത് എത്ര പേരുടെ കൈവശമാണിരിക്കുന്നത്, ഇതെല്ലാം ഏതു കൊല്ലമാണ് കൈയേറ്റം നടത്തിയത്, അത് കൃഷിഭൂമിയാക്കി മാറ്റിയിട്ടുണ്ടോ, കുറഞ്ഞ ഭൂമി എത്രയാണ് ഏറ്റവും അധികരിച്ച ഭൂമി എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. സി.കെ. നാണു</u> : ഇങ്ങനെയുള്ള 350 കേസുകളുള്ളതിൽ 2 ഏക്കറിൽ താഴെയുള്ളവരുടെ കാര്യത്തെ സംബന്ധിച്ച് വനം വകുപ്പ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. വനഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന പാവപ്പെട്ടവരെ കൈയേറ്റക്കാരായി കണക്കാക്കേണ്ടതാണെങ്കിലും അത്തരക്കാരുടെ ഭൂമി തിരിച്ചു കൊടുക്കാൻ സാധിക്കുമോ എന്നുള്ളതിനെ സംബന്ധിച്ച് കുറച്ചുകൂടി വിശദമായി ചർച്ച നടത്തി തീരുമാനമെടുക്കുന്നതാണ്. 1977-ൽ കൈയേറിയതായി കണക്കാക്കപ്പെടുന്ന വനഭൂമിയുടെ വിസ്തീർണ്ണവും ജില്ല, ഡിവിഷൻ തിരിച്ചുള്ള കണക്കുകളും ഇവിടെയുണ്ട്.

ജില്ല	സർക്കിൾ	ഡിവിഷൻ	വിസ്തീർണ്ണം (ഹെക്ടർ)	എണ്ണം
ഇടുക്കി			120	101
എറണാകുളം			1.526	3
തൃശ്ശൂർ			27.4065	117
	കോഴിക്കോട്	കണ്ണൂർ	1.85	6
		വയനാട്	111.6807	229
		കോഴിക്കോട്	29	

ഇതാണ് ഓരോ പ്രദേശത്തുമുള്ള ഭൂമിയുടെ കണക്ക്. പാവപ്പെട്ടവരുടെ കൈവശമുള്ള ഭൂമിയെ സംബന്ധിച്ച് ബഹു. അംഗം പ്രകടിപ്പിച്ച അഭിപ്രായത്തോടൊപ്പം തന്നെ വനം വകുപ്പും ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. പാവങ്ങളുടെ കൈവശമുള്ള ഭൂമി അവർക്കു തന്നെ നൽകേണ്ട കാര്യത്തെ സംബന്ധിച്ച് വനംവകുപ്പ് ഗൗരവമായി ആലോചിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോട് രവി : സുപ്രീം കോടതിയിൽ കോർട്ടലക്ഷ്യത്തിനു പോയതിന്റെ പേരിൽ സ്വകാര്യവ്യക്തികൾക്ക് 13268-ഓളം ഏക്കർ ഭൂമി കൊടുക്കേണ്ടിവരും എന്ന് അങ്ങ് ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്. ഒരുപക്ഷേ ഉദ്യോഗസ്ഥന്മാരുടേയും അഡ്വക്കറ്റ്മാരുടെയും കാര്യക്ഷമമല്ലാത്ത പ്രവർത്തനം കൊണ്ട് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം കോടതിവിധിയുടെ അടിസ്ഥാനത്തിൽ എത്ര ഏക്കർ ഭൂമിയാണ് സ്വകാര്യവ്യക്തികൾക്ക് കൊടുക്കേണ്ടി വന്നിട്ടുള്ളത്?

ശ്രീ. സി.കെ. നാണു : അത് നേരത്തെ പറഞ്ഞു. ഇപ്പോൾ ഇത്തരത്തിൽ ഭൂമി കൊടുത്തത് കുറവാണ്. കഴിഞ്ഞ രണ്ടുകൊല്ലത്തിനിടയ്ക്ക് കോടതിയലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ കൊടുത്തിട്ടുള്ളൂ. അതിന്റെ കണക്ക് ഞാൻ നോക്കി പറയാം.

ശ്രീ. ജോസ് ബേബി : 1970 ജനുവരി ഒന്നിന് മുമ്പ്, ഭൂപരിഷ്കരണ നിയമം നടപ്പിലാകുന്നതിനു മുമ്പ്, കർഷകരുടെ കൈവശമുള്ള നല്ല ദേഹണ്ഡങ്ങളുള്ള ഭൂമിക്ക്-പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിൽ 2700-ൽ ചിലാനം ആളുകളുടെ ഭൂമിക്ക്-നികുതിയെടുക്കാൻ പാടില്ലെന്ന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ബന്ധപ്പെട്ട് റവന്യൂ ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഫോറസ്റ്റും റവന്യൂവും കൂടിയുള്ള ജോയിന്റ് സർവ്വേ കഴിഞ്ഞിട്ടുള്ള 2700-ൽ ചിലാനം ആളുകളുടെ ഭൂമിക്ക് കരം എടുക്കാൻ പാടില്ലെന്നു പറഞ്ഞതിനെത്തുടർന്ന് കർഷകർ ഇപ്പോൾ കാർഷിക ലോൺ എടുക്കാൻ പറ്റാതെ, മറ്റു മാർഗ്ഗങ്ങളില്ലാതെ, വളരെയേറെ വിഷമിക്കുകയാണ്. ഒട്ടേറെ പ്രാവശ്യം ഇതിനുവേണ്ടി ബന്ധപ്പെട്ട ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനോടാവശ്യപ്പെട്ടിട്ടും റവന്യൂവുമായി ജോയിന്റ് സർവ്വേക്ക് ശ്രമം നടത്തിയിട്ടും ഒന്നും നടക്കുന്നില്ല.

കർഷകർ ഇപ്പോൾ കണ്ണീരിലാണ്. ഇതിന് ഒരു പരിഹാരമുണ്ടാക്കണം. ബഹു. മന്ത്രി ഇവിടെ പറഞ്ഞു, വനം ഓർഡിനൻസിന്റെ അതിർത്തി പ്രഖ്യാപിച്ചത് പാലക്കാട് ജില്ലയിലാണ് മുഖ്യമായും വന്നിരിക്കുന്നത്. കുഴൽമന്ദം പ്രദേശമായ നാഷണൽ ഹൈവേയാണ് ഒരതിർത്തി. മറ്റേ അതിർത്തി പാടമാണ്. ഫോറസ്റ്റുമായി യാതൊരു ബന്ധവുമില്ലാത്ത സ്ഥലത്താണ്. ഇത്തരം ഓർഡിനൻസ് ഇറക്കുന്ന സന്ദർഭത്തിൽ യഥാർത്ഥത്തിൽ വനമുള്ള പ്രദേശത്തെ മാത്രം ആശ്രയിക്കുകയും പാടവും നാഷണൽ ഹൈവേയും ഉൾപ്പെടെയുള്ള പ്രദേശം ഒഴിവാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഈ രണ്ടു കാര്യങ്ങളിലും ബഹു. മന്ത്രിയുടെ പ്രത്യേക താൽപ്പര്യം ഉണ്ടാകുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. സി.കെ. നാണു : ആദ്യം ശ്രീ. പാലോട് രവിയുടെ ചോദ്യത്തിനു മറുപടി പറയാം. അഞ്ചു കേസുകളിലായി 639 ഏക്കറാണ് ഇപ്പോൾ രണ്ടു കൊല്ലത്തിനിടയ്ക്ക് നമ്മൾ വിട്ടുകൊടുത്തത്. 1976-ൽ തുടങ്ങി പലേ കേസുകളിലായി നമ്മൾ വിട്ടുകൊടുത്തത് ആകെ 1066 കേസുകളിലായി 13268 ഏക്കറാണ്. ശ്രീ. ജോസ് ബേബി പറഞ്ഞത് പ്രത്യേകമായി പരിശോധിക്കാം. ഓർഡിനൻസ് പ്രകാരം നാഷണൽ ഹൈവേയുടെ പ്രദേശത്തുള്ള, വനവുമായി ഒരു ബന്ധവുമില്ലാത്ത, സ്ഥലങ്ങൾ വനത്തിന്റെ ഭാഗമാക്കുക എന്നുള്ളത് ഉണ്ടാവുകയില്ല. അങ്ങനെ ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ പ്രത്യേകമായി പരിശോധിച്ച് ബഹു. അംഗത്തെ അറിയിക്കുന്നതാണ്.